**QP CODE: T6015**

Enrollment number : ............................................

Name : ............................................

BA DEGREE EXAMINATIONS,MAY 2024

First Semester

BA Malayalam Language and Literature

B21HS11AN - കേരള ചരിത്രം : പ്രാചീനം മദ്ധ്യകാലീനം

( Supplementary / Improvement )

2022 ADMISSIONS

Time: 3 Hours Max Marks: 70

## Section A

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം.**

1. സംഘം കവികളുടെ ആസ്ഥാനം ഏത്?
2. ഇന്ത്യയിലെ എല്ലാ ഭാഷാലിപികളുടെയും മാതാവ് എന്നറിയപ്പെടുന്ന ലിപി ഏത്?
3. സംഘത്തെപ്പറ്റി ആദ്യമായി പരാമർശിച്ചു കാണുന്ന കൃതി ഏത്?
4. എ.ഡി. 52ൽ ക്രിസ്തുമത പ്രചാരണാർത്ഥം കേരളത്തിൽ എത്തിയ സെൻറ് തോമസ് കൊടുങ്ങല്ലൂരിൽ എവിടെയാണ് ആദ്യം തങ്ങിയത്?
5. "അഷ്ടാംഗഹൃദയം"എന്ന വൈദ്യശാസ്ത്ര ഗ്രന്ഥത്തിൻെറ കർത്താവാര്?
6. സംഘകാലഘട്ടത്തിൽ പ്രേമവിവാഹത്തിനു പറഞ്ഞിരുന്ന പേരെന്ത്?
7. ശ്രീമൂലവാസത്തെപ്പറ്റി പരാമർശം ഉള്ള വിക്രമാദിത്യവരഗുണൻെറ ശാസനം ഏത്?
8. "മൂഷികവംശ"ത്തിൻെറ കർത്താവാര്?
9. “മനുഷ്യാലയചന്ദ്രിക”യിലെ പ്രതിപാദ്യ വിഷയമേത്?
10. ശങ്കരാചാര്യരുടെ ജന്മസ്ഥലം ഏത്?
11. മണിപ്രവാളത്തിൻെറ ലക്ഷണശാസ്ത്രഗ്രന്ഥമായ “ലീലാതിലകം” ഏത് ഭാഷയിലാണ് രചിച്ചിരിക്കുന്നത്?
12. കേരളം വികസിപ്പിച്ചെടുത്ത ഒരു ക്ലാസിക് കലാരൂപത്തിൻെറ പേരെഴുതുക.
13. കേരളത്തിലെ ശാസനങ്ങളിലെ ലിപിയേത്?
14. പാഠകത്തിൽ നിന്നും ഉരുത്തിരിഞ്ഞ കലാരൂപം?
15. “കേരളത്തിൻെറ സാംസ്കാരികചരിത്രം” എന്ന ഗ്രന്ഥത്തിൻെറ കർത്താവാര്?

**(1x10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം.**

16. മലയാളം ഒരു സ്വതന്ത്രഭാഷയായി രൂപപ്പെട്ട ചരിത്രഘട്ടം ഏത്?
17. പ്രാചീനമലയാളകൃതികളിൽ നിന്നും കേരളത്തെക്കുറിച്ച് ലഭിക്കുന്ന സൂചനകൾ എന്തെല്ലാം?
18. കുലശേഖരന്മാരുടെ കാലത്തെ പ്രമുഖ ശാസനങ്ങൾ ഏതെല്ലാം?
19. കേരളത്തിലെ ആദ്യകാല സഞ്ചാര പ്രമുഖർ ആരെല്ലാം?
20. മഹാശിലാവശിഷ്ടങ്ങൾ എന്നാൽ എന്ത്?
21. കേരളത്തിലെ ആദിമ നിവാസികൾ ആരെല്ലാം?
22. മന്റം പ്രാദേശിക ഭരണസംവിധാനം എന്ന നിലയിൽ പ്രവർത്തിച്ചിരുന്നത് എങ്ങനെ?
23. ഐന്തിണകൾ എന്നാൽ എന്ത്?
24. ആര്യ സംസ്കാരം ദ്രാവിഡ സംസ്കാരത്തെ കീഴ്പ്പെടുത്തിയത് എങ്ങനെ?
25. കേരളത്തിൽ ജന്മികുടിയാൻ ബന്ധം ഉണ്ടായതിന്റെ സാമൂഹ്യസാഹചര്യം എന്ത്?

**(2x5=10)**

## Section C

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം.**

26. ശാസനങ്ങളും അവയുടെ ചരിത്രമൂല്യവും വിവരിക്കുക.
27. ഗുഹാചിത്രങ്ങളുടെ ചരിത്രപ്രാധാന്യം വിലയിരുത്തുക.
28. സംഘസാഹിത്യത്തെക്കുറിച്ച് ചരിത്രകാരന്മാർ നൽകുന്ന വിവരങ്ങൾ എന്തെല്ലാം?
29. കൂത്തും കൂടിയാട്ടവും - കുറിപ്പെഴുതുക.
30. ഒന്നാം ചേരസാമ്രാജ്യത്തിലെ രാജാക്കന്മാരുടെ ഭരണനേട്ടങ്ങൾ എന്തെല്ലാം?
31. എ.ഡി. 9, 10, 11 നൂറ്റാണ്ടുകളിൽ കേരളത്തിലുണ്ടായ പരിവർത്തനങ്ങൾ ചർച്ച ചെയ്യുക.
32. കുലശേഖരഭരണകാലത്ത് നമ്പൂതിരിമാർക്ക് ഉണ്ടായ പ്രാമുഖ്യം വിവരിക്കുക.
33. ചോള പാണ്ഡ്യ രാജാക്കന്മാരോട് ഇണങ്ങിയും പിണങ്ങിയും ഉള്ള കുലശേഖരന്മാരുടെ ഭരണരീതി ചർച്ച ചെയ്യുക.
34. ശങ്കരാചാര്യരുടെ പ്രവർത്തനങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.
35. രണ്ടാം ചേര സാമ്രാജ്യകാലത്തെ ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവവും വികാസവും ചർച്ച ചെയ്യുക.
36. ബുദ്ധ ജൈന മതങ്ങൾ ആതുര ശുശ്രൂഷാരംഗത്ത് നൽകിയ സംഭാവനകൾ എന്തെല്ലാം?
37. കുലശേഖരഭരണത്തിൻ കീഴിൽ വളർന്നു വികസിച്ച കലകൾ ഏതെല്ലാം?

**(5x6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്ത് മാർക്ക് വീതം.**

38. പഴംതമിഴ് പാട്ടുകളിൽ തെളിയുന്ന സാമൂഹ്യ ചരിത്ര സംഭവങ്ങൾ, അധികാര ഘടനകൾ എന്നിവ വിവരിക്കുക.
39. സംഘകാലത്തെ ഭരണസംവിധാനം പൊതുസവിശേഷതകൾ സാമൂഹ്യജീവിതം എന്നിവ ചർച്ച ചെയ്യുക.
40. കഥകളി എന്ന കലാരൂപത്തിന്റെ ഉത്ഭവവും വളർച്ചയും വിവരിച്ച് സാധരണക്കാരന്റെ കലയായി മാറാൻ ഈ കലാരൂപത്തിന് കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കുക
41. കേരളത്തിലെ കളരിസമ്പ്രദായം, ആരോഗ്യ, ആയോധന തലങ്ങൾ വിവരിക്കുക.

**(10x2=20)**